(സി) പാലക്കാട് ജില്ലയിലെ കോട്ടായി ഗവ:ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് ഒരു മൾട്ടി സ്പോർട്ട്സ് ഗ്രൗണ്ടാക്കുന്നതിനായി സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ, ആയതിലേക്കായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഈ വകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ ആകെ 10.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. (മൾട്ടി സ്പോർട്സ് 3 കോടി, കമ്മ്യൂണിറ്റി സ്പോർട്സ് 2 കോടി, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ 5.5 കോടി,) സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ ഇതുവരെ 90 ലക്ഷം രൂപയും കമ്മ്യൂണിറ്റി സ്പോർട്സിന് 2 കോടി രൂപയും ചെലവായിട്ടുണ്ട്.

(സി & ഡി) പ്രസ്തുത അപേക്ഷ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കാനാകുമോ എന്ന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടിയശേഷം തീരുമാനിക്കുന്നതാണ്.

നാഷണൽ ഗെയിംസ്

288 (3800) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഗെയിംസുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങളിന്മേലുള്ള ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) ഇത്തരം മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഗെയിംസുമായി ബന്ധപ്പെട്ട് വ്യാപകമായി ക്രമക്കേടും അഴിമതിയും നടന്നതായി ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ല.

വാമനപുരം- സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന നടപടി

289 (3801) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓരോ സ്കൂളിനും പ്രസ്തുത ആവശ്യത്തിലേക്കായി നൽകുന്ന പരമാവധി തുക എത്രയാണെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷ സമർപ്പിക്കുന്നതിനെ സംബന്ധിച്ചുമുള്ള പൂർണ്ണമായ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം കളിസ്ഥലങ്ങളും ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിച്ചു നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ആയതിന് തുക അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ 'രാജീവ് ഗാന്ധി ഖേൽ അഭിയാൻ' (RGKA) പ്രകാരം 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന പദ്ധതി നിലവിലുണ്ട്. ഔട്ട്ഡോർ സ്പോർട്സ് കോംപ്ലക്സിന് 80 ലക്ഷം രൂപയും പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഡോർ സ്പോർട്സ് ഹാളിന് 80 ലക്ഷം രൂപയും എന്ന ക്രമത്തിൽ മൊത്തം 1,60,00,000 രൂപയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly